നമ്പർ.ഇഎൻ(2) 12547/2020

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:05/01/2021

<u>**സർക്കുലർ നമ്പർ.01/2021**</u>

വിഷയം:- തൊഴിൽ വകുപ്പ് - മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (എ.എം.വി.ഐ) നിയമനത്തിന് വ്യാജ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് - ജില്ലാ ലേബർ ഓഫീസർമാർക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

കേരള മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനത്തിനായി കാറ്റഗറി നമ്പർ 551/14 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയിൽ വ്യാജ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതായി ആരോപണമുണ്ടായ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി വിഷയത്തിൽ അന്വേഷണം നടത്തി സർക്കാരിനു ശുപാർശ സമർപ്പിച്ചിരുന്നു. ആയതിന്മേലുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് താഴെ പറയുന്ന നിർദേശം പുറപ്പെടുവിക്കുന്നു.

- സംസ്ഥാനകത്ത അംഗീകൃത വർക്ക് ഷോപ്പുകളിൽ മസ്റ്റർ റോൾ, വേജസ് രജിസ്റ്റർ, ഇ.പി.എഫ്, ഇ.എസ്.ഐ സംബന്ധിച്ച രേഖകൾ എന്നിവ പരിപാലിക്കപ്പെടുന്നുണ്ടോയെന്നും ഫാക്ടറീസ് & ബോയിലേഴ്സ് രജിസ്ട്രേഷൻ ലിസ്റ്റിൽ പ്രസ്തുത വർക്ക് & ഷാപ്പുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ജില്ലാ ലേബർ ഓഫീസർ (ഇ)മാർ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന നടപടി സ്വീകരിക്കേണ്ടതാണ്.

ലേബർ കമ്മീഷണർക്കുവേണ്ടി.

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മാർക്കും
2. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർ മാർക്കും
   (ജില്ലാ ലേബർ ഓഫീസർ മുഖേന)
4. വെബ്/ന്യൂ മീഡിയ
5. ഫയൽ/സ്റ്റോക്ക് ഫയൽ.

കെ.എസ്